പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2455 **27-10-2026-ൽ മറുപടിയ്ക്ക്**

മദ്യനയം രൂപീകരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ മദ്യനയം മൂലം സംസ്ഥാനത്തെ മദ്യ ഉപഭോഗം ക്രമാതീതമായി വർധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മദ്യ ഉപഭോഗം കുറയ്ക്കാനുതകുന്ന ഫലപ്രദമായ മദ്യനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ സർക്കാർ മദ്യത്തിന്റെ ദുരുപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപരവും സാമൂഹികവുമായ പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനും പൊതുജനാരോഗ്യത്തിനും സാമൂഹികക്ഷേമത്തിനും മുൻഗണന നൽകുന്ന ഫലപ്രദമായ മദ്യനയം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരായ വ്യാപകമായ പ്രചരണത്തിലൂടെ മദ്യ ഉപഭോഗം കുറയ്ക്കാനായി സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുമോ; വ്യക്തമാക്കുമോ;

മറുപടി: മദ്യം ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുന്നതിനും അവയുടെ ദുരുപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപരവും സാമൂഹികവുമായ പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനും ബോധവൽക്കരണത്തിനും പ്രതിരോധ പ്രവർത്തനങ്ങൾക്കും സർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നു. ബോധവൽക്കരണ നടപടികൾ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിമുക്തി മിഷൻ മുഖേന ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്തുകയും സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, കുടുംബങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

എക്സൈസ് വകുപ്പു നടത്തുന്ന വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

മയങ്ങില്ല കേരളം

ലഹരി ഉപയോഗവും അനധികൃത ലഹരി വ്യാപനവും ഫലപ്രദമായി തടയുന്നതിനൊപ്പം പ്രതിരോധം, ബോധവൽക്കരണം, ലഹരി ഉപയോഗ സാധ്യതകളുടെ നേരത്തെയുള്ള കണ്ടെത്തൽ, കൗൺസിലിംഗ്, ഡി-അഡിക്ഷൻ ചികിത്സ, പുനരധിവാസം എന്നിവയെ ഏകോപിപ്പിച്ച് ലഹരി

മാർഗ്ഗത്തിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്ന കാഴ്ചപ്പാടോട് കൂടി സർക്കാർ "മയങ്ങില്ല കേരളം" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി എക്സൈസിന്റെ സേവനം പൊതുജനങ്ങളിലേക്കും കുട്ടികളിലേക്കും എത്തിക്കുന്നതിന് വേണ്ടി "മയങ്ങില്ല കേരളം പോർട്ടൽ, പീപ്പിൾസ് ഐ" മൊബൈൽ ആപ്പ് എന്നിവ ആരംഭിച്ചു.

ലഹരിമുക്ത ക്യാമ്പസ്

സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹം ലഹരിവസ്തുക്കളുടെ പിടിയിൽ അകപ്പെടുന്നത് തടയുന്നതിനായി എക്സൈസ് വകുപ്പ് കോളേജുകളിൽ വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. ലഹരി രഹിതമായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും കൂടുതൽ സജീവമാക്കുന്നതിനുമായി എക്സൈസ് വകുപ്പ് ഉന്നതവിദ്യാഭ്യാസത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന "ലഹരിമുക്ത ക്യാംപസ്" എന്ന ആശയത്തിന്റെ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ 28 കോളേജുകളെ ലഹരിമുക്ത ക്യാംപസുകളാക്കി ഇതിനകം പ്രഖ്യാപിച്ച് കഴിഞ്ഞു. തുടർന്ന് ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കോളേജുകളെയും ലഹരിമുക്ത ക്യാംപസുകളാക്കുകയാണ് എക്സൈസ് വകുപ്പിന്റെ ലക്ഷ്യം.

അറിവാണ് ലഹരി

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് അറിവാണ് ലഹരി എന്ന പേരിൽ ലഹരി വിരുദ്ധ ക്വിസ് മത്സരം സ്കൂൾ തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ക്വിസ് മത്സരത്തിലെ വിജയികൾക്ക് ഒന്നാം സമ്മാനമായി 20,000 രൂപയും രണ്ടാം സമ്മാനമായി 15,000 രൂപയും മൂന്നാം സമ്മാനമായി 10,000 രൂപയും ക്യാഷ് പ്രൈസ് നൽകുകയുണ്ടായി.

സ്കൂളുകളിലെ തണ്ടർ ആന്റി നാർകോട്ടിക് ക്ലബ്ബുകൾ

വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിലും, സി.ബി.എസ്.ഇ. കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങി എല്ലാ വിഭാഗം സ്കൂളുകളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. 2025-26 വർഷത്തിൽ സ്കൂൾതലത്തിൽ 5862 ക്ലബ്ബുകൾ രൂപീകരിച്ചു.

കോളേജുകളിലെയും ഹോസ്റ്റലുകളിലെയും തണ്ടർ ക്ലബ്ബുകൾ

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജുകളിൽ 1172 തണ്ടർ ക്ലബ്ബുകളും കോളേജ് ഹോസ്റ്റലുകളിൽ 626 തണ്ടർ ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ നേതൃത്വത്തിൽ പ്രസംഗ മത്സരങ്ങൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തുന്നു. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി കോളേജുകളിൽ 1406 പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

റിലാക്സ് പദ്ധതി

പൊതുജനങ്ങളുടെ ഒഴിവുസമയം ആരോഗ്യകരമായ വിനോദങ്ങൾക്കായി വിനിയോഗിക്കുന്നതിന് സുരക്ഷിതവും സൗകര്യപ്രദവുമായ ഇടങ്ങൾ ഒരുക്കുന്ന പദ്ധതിയാണ് ഇത്. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 122 ഇടങ്ങൾ സജ്ജമാക്കി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ 138 എക്സൈസ് റേഞ്ച് ഓഫീസ് പരിധികളിലാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പീഷിൾസ് ഐ ആപ്പ്

വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി 'പീപ്പിൾസ് ഐ' എന്ന മൊബൈൽ ആപ്പ് സൗകര്യം 16.09.2026 മുതൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) വ്യാജമദ്യ ലഭ്യത ഇല്ലാതാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

മറുപടി: സംസ്ഥാനത്ത് അനധികൃത മദ്യനിർമ്മാണം, കടത്ത്, സംഭരണം, വിതരണം, വിൽപ്പന എന്നിവ തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും രഹസ്യാന്വേഷണവും പരിശോധനകളും നടത്തിവരുന്നു.

ഓപ്പറേഷൻ തണ്ടർ

28.05.2026 മുതൽ 'ഓപ്പറേഷൻ തണ്ടർ' സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി വ്യാജ മദ്യത്തിന്റെ വിപണനം, സുക്ഷിപ്പ് എന്നിവ തടയുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

പട്രോളിംഗും അതിർത്തി പരിശോധനയും

എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിർത്തി ചെക്ക്പോസ്റ്റുകളിലെ പരിശോധനകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ചെക്ക്പോസ്റ്റുകളില്ലാത്ത സ്ഥലങ്ങളിലൂടെയുള്ള ലഹരിക്കടത്ത് തടയുന്നതിനായി കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ (KEMU) പ്രവർത്തിച്ചുവരുന്നു.

രഹസ്യാന്വേഷണവും സാങ്കേതിക വിദ്യയുടെ വിനിയോഗവും

അനധികൃത മദ്യനിർമാണം, കടത്ത്, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങളുടെ ഉറവിടവും വിതരണശൃംഖലയും കണ്ടെത്തുന്നതിനും രഹസ്യാന്വേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. സാമൂഹികമാധ്യമങ്ങൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ തുടങ്ങിയവയിലൂടെ നടക്കുന്ന അനധികൃത മദ്യവിൽപ്പനയും ഇടപാടുകളും നിരീക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

അനധികൃത മദ്യനിർമാണം, കടത്ത്, വിൽപ്പന എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി 'പീപ്പിൾസ് ഐ' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഫോട്ടോ, വീഡിയോ, ശബ്ദരേഖ, സംഭവസ്ഥലത്തിന്റെ വിവരം എന്നിവ സഹിതം പരാതികൾ സമർപ്പിക്കാനും പരാതിക്കാരന്റെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാനും ഇതിലൂടെ സാധിക്കും. ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ഓഫീസുകളിലേക്ക് കൈമാറി സമയബന്ധിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

ഓപ്പറേഷൻ ശുദ്ധി

കള്ള് ഷാപ്പുകളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി 'ഓപ്പറേഷൻ ശുദ്ധി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഓപ്പറേഷൻ ശുദ്ധിയുടെ ഭാഗമായി ചെത്ത് വൃക്ഷങ്ങളുടെ സംസ്ഥാനതല ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കൽ, കള്ളിന്റെ ഉൽപ്പാദനം, ഗതാഗതം, വിതരണം എന്നിവ പിന്തുടർന്ന് കണ്ടെത്തുന്നതിനുള്ള (Traceability) വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ, ഓരോ ചെത്ത് വൃക്ഷത്തിൽ നിന്നുമുള്ള ഉൽപ്പാദനവും ഷാപ്പുകളിലേക്കുള്ള വിതരണവും ശാസ്ത്രീയമായി

രേഖപ്പെടുത്തൽ, കള്ളിന്റെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തൽ, വ്യാജകള്ളിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിനായി സംസ്ഥാന വ്യാപകമായി എൻഫോഴ്സ്മെന്റ് പരിശോധനകൾ ഊർജിതമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ